"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

അതിജീവനം പദ്ധതി- മലപ്പുറം ജില്ലയിലെ സ്നേഹിത കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ സെന്ററിനെ "അതിജീവനം — മാതൃകാ പദ്ധതി II: ഭിന്നശേഷിക്കാർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ" പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.53/2026/SJD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1 സ.ഉ.(സാധാ)നം. 62/2020/സാ.നീ.വ. തീയതി 06/02/2020

2 02/08/2023-ലെ ടെക്നിക്കൽ കമ്മിറ്റി മിനുട്ട്സ്

3. 07/12/2024-ലെ ടെക്നിക്കൽ കമ്മിറ്റി മിനുട്ട്സ്

4. മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 27.02.2025-ലെ SJD/MPM/DSJO/462/2024-D നമ്പർ കത്ത്.

5 സാമൂഹ്യനീതി ഡയറക്ടറുടെ 04.11.2025-ലെ SJD/1204/2025-D4 നമ്പർ കത്ത്.

6 സ.ഉ.(സാധാ)നം 306/2025/സാ.നീ.വ. തീയതി 09/11/2025.

7. ജില്ലാ സാമൂഹ്യനീതി ഓഫീസർ മലപ്പുറത്തിന്റെ 02/02/2026 ലെ SJD/MPM/DSJO/462/2024-D നമ്പർ കത്ത്.

**ഉത്തരവ്**

ഭിന്നശേഷിക്കാരുടെ സമഗ്ര മുന്നേറ്റത്തിനായി സന്നദ്ധ സംഘടനകൾ മുഖാന്തരം സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, തൊഴിൽ, പുനരധിവാസം എന്നിവയിൽ കേന്ദ്രീകരിക്കുന്ന വിവിധ പദ്ധതികൾ ഏകോപിപ്പിച്ചുള്ള സമഗ്ര വികസന ശ്രമമാണ് അതിജീവനം പദ്ധതി. 18 വയസ്സിന് മുകളിൽ പ്രായമുള്ള മാനസിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന 'സ്നേഹിത കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ സെന്റർ' അതിജീവനം സമഗ്ര പദ്ധതിയുടെ മാനദണ്ഡപ്രകാരം രജിസ്റ്റർ ചെയ്ത് മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, സ്നേഹിതയിൽ ഇതിനു മുമ്പ് ഒരു പൈലറ്റ് പ്രൊജക്ട് ചെയ്തത് വിജയകരമായി കണ്ടതിനാലും, ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാരുടെ സഹകരണത്തോടെ ആരംഭിച്ച സ്ഥാപനം ആയതിനാലും ഈ സ്ഥാപനത്തെ പൈലറ്റ്

പ്രോജക്ടിന്റെ തുടർച്ചയായി സ്പെഷ്യൽ പ്രോജക്ട് ആയി അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മാനസ്സിക വെല്ലുവിളി നേരിടുന്ന 18 വയസ്സിനു മുകളിൽ പ്രായമുള്ള പെൺകുട്ടികളുടെ പകൽ പരിപാലന കേന്ദ്രമായ മലപ്പുറം ജില്ലയിലെ സ്നേഹിത കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ സെന്റർ, പത്തോളം പെൺകുട്ടികളുമായി ആരംഭിച്ചതാണെന്നും, സ്നേഹിത കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ സെന്ററിൽ നിലവിൽ 27 പെൺകുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണെന്നും, ട്രസ്റ്റ് ആക്ട് അനുസരിച്ച് 117/2018 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിൽ 30 പേരെ പ്രവേശിപ്പിച്ചു കൊണ്ട് ഡേ കെയർ സെന്റർ ആയി പ്രവർത്തിക്കുന്നതിന് 17/06/2024 മുതൽ 16/06/2027 വരെ കാലാവധിയുള്ള RPWD രജിസ്ട്രേഷൻ (രജി നം. 0601/2024/MLPM/SJD) സർട്ടിഫിക്കറ്റ് നിലവിൽ അനുവദിച്ചിട്ടുണ്ടെന്നും, ആയതിനാൽ ടി സ്ഥാപനത്തെ അതിജീവനം പദ്ധതിയിലെ മാതൃകാ പദ്ധതി—2 "പകൽ പരിപാലന കേന്ദ്രം" പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നതിന് അനുമതി പുതുക്കി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതിജീവനം പദ്ധതിയിലെ സ്പെഷൽ പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്ന മലപ്പുറം ജില്ലയിലെ സ്നേഹിത കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ സെന്ററിനെ പരാമർശം (5) പ്രകാരമുള്ള ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ടി സ്ഥാപനത്തിൽ പ്രോജക്ട് കോ-ഓർഡിനേറ്റർ, തെറാപ്പിസ്റ്റ്, ഡോക്ടർ (ജനറൽ മെഡിസിൻ) എന്നീ ജീവനക്കാരുടെ സേവനം കൂടി ലഭ്യമാക്കേണ്ടതാണെന്ന നിബന്ധനയോടെ, **"അതിജീവനം — മാതൃകാ പദ്ധതി II: ഭിന്നശേഷിക്കാർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ"** എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) പ്രകാരമുള്ള ഉത്തരവ് മേൽ പ്രകാരം നിലനിൽക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂമീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Jasmine Thomas
Date: 28-02-2026 21:19:58

സെക്ഷൻ ഓഫീസർ